REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 15-11-2025** **സമയം 12.30 PM**

---

## പ്രധാന വാർത്തകൾ

- **ജമ്മു കശ്മീരിലെ നൗഗാം പൊലീസ് സ്റ്റേഷനിലെ സ്‌ഫോടനത്തിൽ ഒൻപത് പേർ മരിച്ചതായി ആഭ്യന്തര മന്ത്രാലയ ജോയിന്റ് സെക്രട്ടറി.**
- **സ്വാതന്ത്ര്യ സമരസേനാനിയും ഗോത്ര നേതാവുമായ ഭഗവാൻ ബിർസ മുണ്ടയുടെ 150-ാം ജന്മവാർഷിക ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി സ്മരണാഞ്ജലി അർപ്പിച്ചു.**
- **തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റായി ഡോ. K. ജയകുമാർ സത്യപ്രതിജ്ഞ ചെയ്തു.**
- **സംസ്ഥാനത്തെ തീവ്ര വോട്ടർപട്ടിക പരിഷ്കരണ നടപടി കളുടെ ഭാഗമായി മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ വിളിച്ച യോഗം തിരുവനന്തപുരത്ത് സമാപിച്ചു.**
- **കൊൽക്കത്ത ക്രിക്കറ്റ് ടെസ്റ്റിൽ ഒന്നാം ഇന്നിംഗ്സ് പുനരാരംഭിച്ച ഇന്ത്യയ്ക്ക് 4 വിക്കറ്റ് നഷ്ടമായി.**

## വാർത്തകൾ വിശദമായി

ജമ്മു കശ്മീരിലെ നൗഗാം പൊലീസ് സ്റ്റേഷനിലെ സ്‌ഫോടനത്തിൽ ഒൻപത് പേർ മരിച്ചതായി ആഭ്യന്തര മന്ത്രാലയത്തിലെ ജോയിന്റ് സെക്രട്ടറി പ്രശാന്ത് ലൊഖാണ്ഡെ അറിയിച്ചു. 27 പൊലീസ് ഉദ്യോഗസ്ഥർക്ക് പരിക്കേൽക്കുകയും ചെയ്തു. ഇന്നലെ രാത്രി 11-20 ഓടെയാണ് ദൗർഭാഗ്യകരമായ സംഭവമുണ്ടായത്. ഫരീദാബാദിൽ നിന്ന് ഭീകര പ്രവർത്തകരിൽ നിന്ന് പിടിച്ചെടുത്ത സ്‌ഫോടക വസ്തുക്കൾ പെട്ടെന്ന് പൊട്ടിത്തെറിക്കുകയായിരുന്നുവെന്ന് അദ്ദേഹം വിശദീകരിച്ചു. രണ്ട്

ദിവസമായി സ്ഫോടകവസ്തു ശേഖരം പൊലീസും ഫോറൻസിക് വിദഗ്ധരും ചേർന്ന് പരിശോധിച്ചു വരികയായിരുന്നു.

ആകസ്മികമായാണ് അപകടമുണ്ടായതെന്ന് ജമ്മുകശ്മീർ DGP നേരത്തെ അറിയിച്ചിരുന്നു. സ്ഫോടനത്തെപ്പറ്റി ഊഹാപോഹങ്ങൾ പ്രചരിപ്പിക്കരുതെന്നും DGP അഭ്യർത്ഥിച്ചു.

✪✪✪

സ്വാതന്ത്ര്യ സമരസേനാനിയും ഗോത്ര നേതാവുമായ ഭഗവാൻ ബിർസ മുണ്ടയുടെ 150-ാം ജന്മവാർഷിക ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയും ആഭ്യന്തരമന്ത്രി അമിത് ഷായും, വാർത്താവിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവും സ്മരണാഞ്ജലി അർപ്പിച്ചു. മാതൃരാജ്യത്തിന്റെ അഭിമാനം സംരക്ഷിക്കുന്നതിൽ ബിർസ മുണ്ടയുടെ സമാനതകളില്ലാത്ത സംഭാവനകളെ രാഷ്ട്രം ആദരപൂർവ്വം സ്മരിക്കുന്നുവെന്ന് പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഗുജറാത്തിൽ 9,700 കോടിയിലധികം രൂപയുടെ വികസന പദ്ധതികൾക്ക് തുടക്കമിടും. തുടർന്ന് പൊതുസമ്മേളനത്തെയും പ്രധാനമന്ത്രി അഭിസംബോധന ചെയ്യും.

മുംബൈ-അഹമ്മദാബാദ് അതിവേഗ റെയിൽ ഇടനാഴിയുടെ പുരോഗതി അവലോകനം ചെയ്യുന്നതിന്, നരേന്ദ്രമോദി സൂറത്തിലെ നിർമ്മാണത്തിലിരിക്കുന്ന ബുള്ളറ്റ് ട്രെയിൻ സ്റ്റേഷൻ സന്ദർശിക്കും.

ദേദിയാപാഡയിൽ ഭഗവാൻ ബിർസ മുണ്ടയുടെ 150-ാം ജന്മവാർഷിക ആഘോഷത്തോടനുബന്ധിച്ച് സംഘടിപ്പിക്കുന്ന പരിപാടിയിലും മോദി പങ്കുചേരും. പ്രധാൻമന്ത്രി ജൻജാതി ആദിവാസി ന്യായ മഹാ അഭിയാനിൽ നിർമ്മിച്ച ഒരു ലക്ഷം വീടുകളുടെ ഗൃഹപ്രവേശനചടങ്ങിലും നരേന്ദ്രമോദി പങ്കെടുക്കും.

✪✪✪

ബിഹാർ തിരഞ്ഞെടുപ്പിലുണ്ടായ തിരിച്ചടി വിശകലനം ചെയ്യാൻ ഡൽഹിയിൽ കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെയുടെ വസതിയിൽ മുതിർന്ന നേതാക്കളുടെ യോഗം ആരംഭിച്ചു. ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി, AICC ജനറൽ സെക്രട്ടറി KC വേണുഗോപാൽ, മുതിർന്ന നേതാവ് അജയ് മാക്കൻ തുടങ്ങിയവർ യോഗത്തിൽ പങ്കെടുക്കുന്നുണ്ട്.

✪✪✪

തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റായി ഡോ. K. ജയകുമാറും ബോർഡ് അംഗമായി K.രാജുവും സത്യപ്രതിജ്ഞ ചെയ്ത് സ്ഥാനമേറ്റു. തിരുവിതാംകൂർ ദേവസ്വം ബോർഡ് ആസ്ഥാനത്തായിരുന്നു സത്യപ്രതിജ്ഞ ചടങ്ങ്. മന്ത്രിമാരായ VN വാസവൻ, കടന്നപ്പള്ളി രാമചന്ദ്രൻ, V ശിവൻകുട്ടി, GR അനിൽ തുടങ്ങിയവരും, മറ്റു പ്രമുഖ നേതാക്കളും ചടങ്ങിൽ സംബന്ധിച്ചു.

✪✪✪

കേന്ദ്ര ഫിഷറീസ് വകുപ്പിന് കീഴിലെ നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ് ഗവേർണിംഗ് ബോഡി അംഗമായി ആന്റോ മാർസലിനെ കേന്ദ്രഗവൺമെന്റ് നിയമിച്ചു. BJP സംസ്ഥാന ഫിഷറീസ് സെല്ലിന്റെ ചുമതല വഹിക്കുന്ന മത്സ്യഫെഡ് മുൻ ഉദ്യോഗസ്ഥനാണ് ആന്റോ മാർസൽ.

✪✪✪

സംസ്ഥാനത്തെ തീവ്ര വോട്ടർപട്ടിക പരിഷ്കരണത്തോട് ബന്ധപ്പെട്ട് മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ വിളിച്ച രാഷ്ട്രീയ പാർടികളുടെ യോഗം തിരുവനന്തപുരത്ത് സമാപിച്ചു. 85 ശതമാനം എന്യൂമറേഷൻ ഫോമുകളും വിതരണം ചെയ്തതായി ഡോ. രത്തൻ U കേൽക്കർ യോഗത്തെ അറിയിച്ചു.

തദ്ദേശ തിരഞ്ഞെടുപ്പ് കഴിയുന്നതു വരെ വോട്ടർ പട്ടിക പരിഷ്ക്കരണം നീട്ടി വെക്കണമെന്ന് CPIM പ്രതിനിധി MV ജയരാജൻ യോഗത്തിൽ ആവശ്യപ്പെട്ടു. BLO മാരായി വരുന്നവർക്ക് ഇരട്ട ജോലി ചെയ്യേണ്ടി വരുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.

അതേസമയം, പരിഷ്ക്കരണത്തിനെതിരെ രാഷ്ട്രീയലക്ഷ്യത്തോടെയാണ് ചില പാർട്ടികൾ അഭിപ്രായം പ്രകടിപ്പിക്കുന്നതെന്നും, SIR പാടില്ല എന്ന അഭിപ്രായം BJP ക്ക് ഇല്ലെന്നും പാർട്ടി പ്രതിനിധി JR പത്മകുമാർ യോഗത്തിൽ വ്യക്തമാക്കി. എന്നാൽ തദ്ദേശ തിരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ SIR മാറ്റിവെക്കണമെന്ന ആവശ്യത്തോട് BJP ക്ക് എതിരഭിപ്രായമില്ലെന്നും പത്മകുമാർ പറഞ്ഞു.

✪✪✪

കേരളത്തിലും വലിയ രാഷ്ട്രീയ മാറ്റം വരുമെന്നും, വികസിത കേരളം സൃഷ്ടിക്കാൻ ജനങ്ങൾ അവസരം നൽകുമെന്നും BJP സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ പറഞ്ഞു. വ്യാജ വോട്ടുകൾ നീക്കം ചെയ്യപ്പെടും എന്നതുകൊണ്ടാണ് കേരളത്തിൽ കോൺഗ്രസും CPIM ഉം തീവ്ര വോട്ടർപട്ടിക പരിഷ്ക്കരണത്തെ എതിർക്കുന്നതെന്നും രാജീവ് ചന്ദ്രശേഖർ കുറ്റപ്പെടുത്തി.

✪✪✪

.

✪✪✪

ശബരിമല മണ്ഡല മകരവിളക്ക് തീർത്ഥാടന കാലത്തിന് തുടക്കം കുറിച്ച് നാളെ വൈകിട്ട് നട തുറക്കും. മറ്റന്നാൾ പുലർച്ചെ പതിവുപൂജകളും ദർശനവും ആരംഭിക്കും.

വെർച്ച്വൽ ക്യൂ വഴി 70,000 പേർക്കും, തത്സമയ ബുക്കിംഗ് വഴി 20,000 പേർക്കും ദർശനം സാദ്ധ്യമാകും.

പത്തനംതിട്ടയിൽ നിന്ന് ശ്രീജി S ശ്രീധർ.

....(വോയ്സ്).....

✪✪✪

ലോകായുക്താ ദിനാചരണത്തിന്റെ ഭാഗമായി കേരളാ ലോകായുക്ത, വൈകിട്ട് തിരുവനന്തപുരം നിയമസഭാ സമുച്ചയത്തിലെ ബാങ്ക്വറ്റ് ഹാളിൽ പ്രത്യേക പരിപാടി സംഘടിപ്പിക്കും. ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് A മുഹമ്മദ് മുഷ്താഖ് മുഖ്യാതിഥിയായി പങ്കെടുക്കും. ലോകായുക്ത, ജസ്റ്റിസ് N അനിൽകുമാർ, ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് VG അരുൺ, ചീഫ് സെക്രട്ടറി ഡോ. A ജയതിലക്, അഡ്വക്കറ്റ് ജനറൽ K ഗോപാലകൃഷ്ണക്കുറുപ്പ് തുടങ്ങിയവരും സംബന്ധിക്കും. ഇന്റർ കോളജിയേറ്റ് മൂട്ട് കോർട്ട് മത്സര ജേതാക്കൾക്ക് ട്രോഫികളും ചടങ്ങിൽ സമ്മാനിക്കും.

✪✪✪

കലാമണ്ഡലത്തിന്റെ ചരിത്രത്തിലാദ്യമായി കൂത്തമ്പലത്തിൽ അവതരിപ്പിക്കുന്ന തിമില ഇടച്ചിലിന്റെ പണിപ്പുരയിലാണ് കരിയന്നൂർ നാരായണൻ നമ്പൂതിരിയും സംഘവും.

തൃശ്ശൂരിൽ നിന്ന് ഭരിത പ്രതാപ്.

.......(വോയ്സ്).......

✪✪✪

കൊൽക്കത്തയിൽ ഇന്ത്യ ദക്ഷിണാഫ്രിക്ക ആദ്യ ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യ ഒന്നാം ഇന്നിംഗ്സ് പുനരാരംഭിച്ചു. ഒടുവിൽ വിവരം ലഭിക്കുമ്പോൾ ഇന്ത്യ നാല് വിക്കറ്റ് നഷ്ടത്തിൽ 153 റൺസെടുത്തിട്ടുണ്ട്.

✪✪✪

സൂപ്പർ ലീഗ് കേരള ഫുട്ബോളിൽ ഇന്ന് ഫോഴ്സ കൊച്ചി തിരുവനന്തപുരം കൊമ്പൻസിനെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് കൊച്ചിയിലാണ് മത്സരം.

✪✪✪

കണ്ണൂർ പാനൂർ പാലത്തായി പീഡനകേസിൽ ശിക്ഷാവിധി ഉച്ചയ്ക്ക് ശേഷം പ്രഖ്യാപിക്കും. കേസിൽ പ്രതി പത്മരാജൻ കുറ്റക്കാരനാണെന്ന്തലശ്ശേരി പോക്സോ അതിവേഗ കോടതി ഇന്നലെ കണ്ടെത്തിയിരുന്നു.

✪✪✪

വന്യജീവി സംഘർഷം മൂലം ഉണ്ടാകുന്ന പ്രശ്നങ്ങൾ നേരിടുന്നതിന് തദ്ദേശീയരുടെ പങ്കാളിത്തം ഉറപ്പുവരുത്താനായി വനംവകുപ്പ് ആവിഷ്കരിച്ച പ്രാഥമിക സന്നദ്ധ പ്രതികരണ സേനയുടെ കണ്ണൂർ ജില്ലയിലെ പരിശീലനം പൂർത്തിയായി. പയ്യാവൂർ, കേളകം, കൊട്ടിയൂർ, അയ്യൻകുന്ന്, ആറളം പഞ്ചായത്തുകളിലെ അറുപതോളം പേരാണ് പരിശീലനം പൂർത്തിയാക്കിയത്.

വനംവകുപ്പ് ജീവനക്കാരും, ദ്രുതപ്രതികരണ സംഘവും എത്തിച്ചേരുന്നതിനു മുൻപ് തദ്ദേശീയ PRT അംഗങ്ങൾക്ക് വന്യമൃഗ ശല്യം നേരിടുന്ന സ്ഥലങ്ങളിൽ എത്താനാകും.

✪✪✪

വനിതാ-ശിശുവികസന വകുപ്പിന്റെ നേതൃത്വത്തിൽ ഈ മാസം 21 വരെ സംഘടിപ്പിക്കുന്ന ശിശുദിന വാരാഘോഷത്തിന്റെ ഭാഗമായി വൈകിട്ട് കോഴിക്കോട് മലബാർ ക്രിസ്ത്യൻ കോളേജ് ഹയർ സെക്കൻഡറി സ്കൂൾ ഗ്രൗണ്ടിൽ സൗഹൃദ ഫുട്ബോൾ മത്സരം നടത്തും. വൈകിട്ട് നാലിന് കളക്ടേഴ്സ് ഇലവനും, ചിൽഡ്രൻസ് ഇലവനും ഏറ്റുമുട്ടും.

✪✪✪

---

*News Editor : പി ചന്ദ്രബാബു*
*News Reader:അനിൽ ചന്ദ്രൻ*
*NRTs: രജ്ന കെ*
*DEO : ഷീബ*